**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1512** **28-07-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീധന നിരോധന നിയമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ സി കെ ഹരീന്ദ്രൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | രാജ്യത്ത് സ്ത്രീധന നിരോധന നിയമങ്ങൾ നിലവിലുണ്ടെങ്കിലും സ്ത്രീധന പീഡനങ്ങളും മരണങ്ങളും നടക്കുന്നതായ വാർത്തകൾ സർക്കാർ ഗൗരവമായി പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | സ്ത്രീധന പീഡനങ്ങളും മരണങ്ങളും നടക്കുന്നതായ വാർത്തകൾ സർക്കാർ ഗൗരവമായി എടുത്തിട്ടുണ്ട്. സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ കേരളാ സ്ത്രീധന നിരോധന ചട്ടം, 2004 ഭേദഗതി വരുത്തി (കേരള സ്ത്രീധന നിരോധന ഭേദഗതി ചട്ടങ്ങൾ, 2021) എല്ലാ ജില്ലകളിലും ജില്ലാ വനിതാ-ശിശുവികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്. സ്ത്രീധന പീഡനം കാരണം ഒരു മരണമോ ആത്മഹത്യയോ സംസ്ഥാനത്ത് ഉണ്ടാവാത്ത സാഹചര്യം സൃഷ്ടിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. |
| (ബി) | വിവാഹ നടത്തിപ്പിൽ ഇടനിലക്കാരായ സാമുദായിക മതസ്ഥാപനങ്ങളുടെ വിവാഹ രജിസ്റ്ററിൽ വിവാഹ സമയം വധു അണിഞ്ഞിരുന്ന ആഭരണങ്ങളുടെയും വരന് നൽകിയ പോക്കറ്റ് മണിയുടെയും കണക്കുകൾ രേഖപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ചില സാമുദായിക സംഘടനകളുടെ വിവാഹ രജിസ്റ്ററിൽ വിവാഹ സമയം വധു അണിഞ്ഞിരിക്കുന്ന ആഭരണങ്ങളുടെയും വരന് നൽകിയ പോക്കറ്റ് മണിയുടെയും കണക്കുകൾ രേഖപ്പെടുത്താറുണ്ട്. |
| (സി) | വിവാഹ നിശ്ചയത്തിന് ശേഷമോ, വിവാഹാനന്തര ദിവസങ്ങളിലോ വധുവിന്റെയോ വരന്റെയോ പേരിൽ വലിയ തുകകൾ ബാങ്ക് നിക്ഷേപമായി നൽകുന്നതായ വിവരങ്ങൾ സ്ത്രീധനത്തിന് സമാനമായ നടപടിയായി കാണാൻ കഴിയുമോയെന്ന് അറിയിക്കാമോ; | (സി) | 1961-ലെ സ്ത്രീധന നിരോധന ആക്ട്, വകുപ്പ് 3ന്റെ ഉപവകുപ്പ് 2-ൽ, വിവാഹ സമയത്ത് വധുവിനോ വരനോ നൽകുന്ന സമ്മാനം സ്ത്രീധനമായി കരുതപ്പെടില്ലെന്ന് പറയുന്നു. എന്നാൽ വിവാഹനിശ്ചയത്തിന് ശേഷമോ വിവാഹാനന്തര ദിവസങ്ങളിലോ വധുവിന്റെയോ വരന്റെയോ പേരിൽ സമ്മാനം എന്ന വ്യാജേന വലിയ തുകകൾ ബാങ്ക് നിക്ഷേപമായി നൽകുന്നത് സ്ത്രീധനത്തിന് സമാനമായ നടപടിയായി കാണാവുന്നതാണ്. |
| (ഡി) | എങ്കിൽ ഇത്തരം പ്രവൃത്തികൾ തടയുന്നതിന് നിയമ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ കേരളാ സ്ത്രീധന |

| | | | |
|---|---|---|---|
| | | | നിരോധന ചട്ടം, 2004 ഭേദഗതി വരുത്തി (കേരള സ്ത്രീധന നിരോധന ഭേദഗതി ചട്ടങ്ങൾ, 2021) എല്ലാ ജില്ലകളിലും ജില്ലാ വനിതാ-ശിശുവികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്. ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ധോപദേശവും നിയമസഹായവും നൽകുന്നതിനായി ജില്ലാ അഡ്വൈസറി ബോർഡ് രൂപീകരിക്കുന്ന വിഷയം പരിഗണനയിലാണ്. സർക്കാർ ഉദ്യോഗസ്ഥരുടെ ഇടയിലുള്ള സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നതിനായി, വിവാഹിതരാകുന്ന സർക്കാർ ജീവനക്കാർ, സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ നൽകുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം ബന്ധപ്പെട്ട വകുപ്പ് മേധാവിയ്ക്ക് നൽകണമെന്ന് ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറായ വനിതാ-ശിശുവികസന വകുപ്പ് ഡയറക്ടർ നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ